"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ അധിക ചുമതല ചലച്ചിത്ര അക്കാദമി ഫിനാൻസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.297/2026/CLAD തീയതി, തിരുവനന്തപുരം, 16-05-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.298/2025/സാം.കാ.വ. തീയതി 23.05.2026.
2. സ.ഉ.(അച്ചടി) നം.57/2026/ധന തീയതി 21.03.2026.
3. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 13.05.2026 തീയതിയിലെ കെ.എസ്.സി.എ/എഫ്/751/2026 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സെക്രട്ടറിയായി പരാമർശം (1) പ്രകാരം അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന വിവര പൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.അജോയ്.സി.-യുടെ അന്യത്രസേവനകാലാവധി 26.04.2026 തീയതി വരെയാണ്. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന കാലയളവിൽ അന്യത്രസേവനം അവസാനിക്കുന്ന ജീവനക്കാരുടെ അന്യത്രസേവനകാലാവധി 2026 മെയ് 31 വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**2.** മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ കാലാവധി 31.05.2026 തീയതി അവസാനിക്കുന്നതിനാൽ ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ അധികചുമതല ധനകാര്യവകുപ്പ് അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) യും നിലവിൽ ചലച്ചിത്ര അക്കാദമി ഫിനാൻസ് ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീ.സജിത്.സി.സി.-യ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അക്കാദമി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയായ ശ്രീ.അജോയ്.സി.-യെ അന്യത്രസേവനകാലാവധി കഴിഞ്ഞ് അക്കാദമിയിൽ നിന്ന് വിടുതൽ ചെയ്യുന്ന മുറയ്ക്ക് സെക്രട്ടറിയുടെ അധിക ചുമതല ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) യും നിലവിൽ ചലച്ചിത്ര അക്കാദമി ഫിനാൻസ് ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീ.സജിത്.സി.സി.-യ്ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ (A3/55/2026-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sheeba K P
Date: 16-05-2026 17:21:34
സെക്ഷൻ ഓഫീസർ